# Bilateral Relations Review Meeting (Virtual) between Hon'ble Minister of External Affairs Dr. S. Jaishankar and H.E. Dato Seri Setia Haji Erywan bin PehinDatuPekerma Jaya Haji Mohd. Yusof, Hon'ble Minister of Foreign Affairs-II of Brunei Darussalam

February 18, 2021

# ബഹുമാനപ്പെട്ട വിദേശകാര്യമന്ത്രി ഡോ. എസ് ജയശങ്കറും ബ്രൂണെ ദാറുസ്സലാമിലെ ബഹുമാനപ്പെട്ട വിദേശകാര്യമന്ത്രി -II ഡറ്റോ സെരി സെതിയ ഹാജി എറിവാൻ ബിൻ പെഹിൻ ഡാറ്റുപെക്കർമ ജയ ഹാജി മുഹമ്മദ്. യൂസഫും തമ്മിൽ ഉഭയകക്ഷി ബന്ധങ്ങളെക്കുറിച്ച് നടന്ന അവലോകന സമ്മേളനം (വിർചൽ)

ഫെബ്രുവരി 18, 2021

1. ബഹുമാനപ്പെട്ട വിദേശകാര്യമന്ത്രി ഡോ. എസ് ജയശങ്കറും ബ്രൂണെ ദാറുസ്സലാമിലെ ബഹുമാനപ്പെട്ട വിദേശകാര്യമന്ത്രി -II ഡറ്റോ സെരി സെതിയ ഹാജി എറിവാൻ ബിൻ പെഹിൻഡാറ്റുപെക്കർമ ജയ ഹാജി മുഹമ്മദ്. യൂസഫും തമ്മിൽ ഉഭയകക്ഷി ബന്ധങ്ങളെക്കുറിച്ച് 2021 ഫെബ്രുവരി 18 ന് അവലോകന സമ്മേളനം (വിർചൽ) രീതിയിൽ നടന്നു. ഇരു രാജ്യങ്ങളും 2019 ജൂണിൽ നടന്ന തമ്മിൽ നടന്ന 7 മത് ഘട്ട വിദേശ ഓഫീസ് കൂടിയാലോചനകളുടെ പിന്തുടർച്ചയെന്ന നിലയിലാണ് സമ്മേളനം നടത്തിയത്. ഉഭയകക്ഷി ബന്ധങ്ങളുടെ എല്ലാ വിഷയവും സംബന്ധിച്ച് പരസ്പരം താല്പര്യമുള്ള പ്രാദേശികവും അന്തർദേശീയവുമായ പ്രശ്നങ്ങൾ ഇരു മന്ത്രിമാരും തമ്മിൽ ചർച്ച ചെയ്തു.

2. രാജ്യത്തെ കൊറോണ -19 പകർച്ചവ്യാധി ഫലപ്രദമായി കൈകാര്യം ചെയ്തതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട വിദേശകാര്യ മന്ത്രി

ബ്രൂണിയെ അഭിനന്ദിച്ചു. 2021 ലെ ആസിയാൻ ചെയർമാൻ സ്ഥാനം ഏറ്റെടുത്തതിന് ബ്രൂണെയെ അഭിനന്ദിക്കുകയും ആസിയാന്റെ വിജയകരമായ ചെയർമാൻ സ്ഥാനത്തിന് ഇന്ത്യയുടെ പൂർണ്ണമായ പിന്തുണ ഉറപ്പ് നൽകുകയും ചെയ്തു. ISRO യുടെ നിലവിലുള്ള ടെലിമെട്രി, ട്രാക്കിംഗ്, കമാൻഡ് (TTC) സ്റ്റേഷൻ ഒരു പുതിയ സൈറ്റിലേക്ക് മാറ്റാൻ സഹായിച്ചുകൊണ്ട് ഇന്ത്യയുടെ ബഹിരാകാശ പദ്ധതിക്ക് പിന്തുണ നൽകിയതിന്; വിവിധ അന്താരാഷ്ട്ര സ്ഥാപനങ്ങളിലെ ഇന്ത്യയുടെ സ്ഥാനാർത്ഥിത്വം; അന്താരാഷ്ട്ര ഭീകരത എന്നീ വിഷയങ്ങളിൽ ബ്രൂണിയൻ സർക്കാരിനോട് അദ്ദേഹം നന്ദി പറഞ്ഞു. കോവിഡ് -19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ വിമാന ഗതാഗതത്തിൽ തടസ്സമുണ്ടായതിനെ തുടർന്ന് ബ്രൂണൈയിൽ കുടുങ്ങിയ ഇന്ത്യക്കാരെ തിരിച്ചയക്കാൻ സഹായിച്ചതിന് ബ്രൂണൈ സർക്കാരിനോട് അദ്ദേഹം നന്ദി പറഞ്ഞു. ബ്രൂണൈ പൗരന്മാരെ സ്വദേശത്തേക്ക് കൊണ്ടുപോകുന്നതിന് പിന്തുണ നൽകിയതിനും മികച്ച മാനവ വിഭവശേഷി വികസന സഹകരണത്തിനും ഇന്ത്യാ സർക്കാരിനോട് ബ്രൂണൈ ദാറുസ്സലാമിലെ വിദേശകാര്യ മന്ത്രി-II ഹാജി എറിവാൻ നന്ദി പറഞ്ഞു.

3. ഉഭയകക്ഷി ബന്ധത്തിന്റെ നിലവിലെ അവസ്ഥയിൽ ഇരു മന്ത്രിമാരും സംതൃപ്തി പ്രകടിപ്പിക്കുകയും ഇരുപക്ഷവും തിരിച്ചറിഞ്ഞ മേഖലകളിലെ ഉഭയകക്ഷി സഹകരണവും വ്യാപാര നിക്ഷേപങ്ങളും വർദ്ധിപ്പിക്കാനും സമ്മതിച്ചു.ഇവയിൽ കൃഷി, ഭക്ഷ്യ സംസ്കരണം, ഐസിടി, ഐടിഇഎസ്, ഇ-ഗവേണൻസ്, എസ് & ടി, വിദ്യാഭ്യാസം, ഓട്ടോമോട്ടീവ്സ്, ഊർജ്ജം, ആരോഗ്യ സംരക്ഷണവും ഫാർമസ്യൂട്ടിക്കൽസും, നിർമ്മാണം, തുണിത്തരങ്ങൾ, വസ്ത്രങ്ങൾ, ആഭരണങ്ങൾ, തുകൽ ഉൽപ്പന്നങ്ങൾ കൂടാതെ ടൂറിസം എന്നിവയും ഉൾപ്പെടുന്നു.പ്രതിരോധ മേഖലയിലെ ഉഭയകക്ഷി സഹകരണവും ചർച്ചയിൽ പരിഗണിച്ചു. ഉഭയകക്ഷി സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായും ഉഭയകക്ഷി വ്യാപാരങ്ങൾ മെച്ചപ്പെടുതുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായും വിവിധ ധാരണാപത്രങ്ങളിലും കരാറുകളിലും നേരത്തെ തന്നെ തീരുമാനങ്ങളെടുക്കുന്നതിന് ഇരു മന്ത്രിമാരും അനുകൂലിച്ചു.

4. ബ്രൂണെയിലെ വിഭവ ശേഷി വികസന പ്രോഗ്രാമുകളിൽ ഇന്ത്യ വാഗ്ദാനം ചെയ്ത സഹായം ഉപയോഗപ്പെടുത്തുന്നതിനും ഈ വിഷയത്തിലുള്ള ഇന്ത്യയുടെ തുടർ പ്രതിബദ്ധതയെക്കുറിച്ചും ചർച്ചകൾ നടന്നു.

5. പരസ്പര ഇടപെടുന്ന എല്ലാ മേഖലകളിലും സഹകരണം വർദ്ധിപ്പിക്കാനും പരസ്പരം ഇരു കൂട്ടരുടെയും ദേശീയ വികസനത്തിന് പിന്തുണ നൽകാനും പൊതുവായ ആഗോള വെല്ലുവിളികൾക്കെതിരായ സഹകരണം ശക്തിപ്പെടുത്താനും ഇരു മന്ത്രിമാരും ആവർത്തിച്ചുറപ്പിച്ചു.

**ഫെബ്രുവരി 18, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.